# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

ഇ.ബി (2) 8/2017 തിരുവനന്തപുരം, തീയതി, 17.06.2017

website : www.cooperation.kerala.gov.in
e-mail : keralarcs@gmail.com

വിഷയം : സഹകരണ വകുപ്പ് – ജീവനക്കാര്യം – സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്/സീനിയർ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും – തസ്തിക മാറ്റം വഴി ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം : 1. 24/07/1962 ലെ ജി.ഒ.(എം.എസ്) 387/62/പി.ഡി നമ്പർ സർക്കാർ ഉത്തരവ്.

2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഭരണ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറുടെ 10.05.2017, 12.05.2017 എന്നീ തീയതികളിലെ ഇ.എ(5) 36/2017 നമ്പർ അനൗദ്യോഗിക കുറിപ്പ്.

പരാമർശം (1) ഉത്തരവിന് വിധേയമായി സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം ലഭിക്കുന്നതിലേക്കായി യോഗ്യത നേടിയിട്ടുള്ള സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്/സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ പേരു വിവരം പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

സഹകരണ വകുപ്പിലെ താഴെ പേരു പറയുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്/ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ 27800–59400 രൂപ ശമ്പള നിരക്കിൽ സഹകരണ സംഘം ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നൽകി അവരുടെ പേരിന് നേരെ കോളം നമ്പർ 4 ൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു. ഇൻസ്പെക്ടർമാരെ ആഡിറ്റർമാരായി നിയമിക്കുമ്പോൾ കേരള സഹകരണ ചട്ടം 64 (എ) പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| ക്രമ നം. | പേരും തസ്തികയും | ഇപ്പോഴത്തെ നിയന്ത്രണ ഉദ്യോഗസ്ഥൻ | തസ്തിക മാറ്റം മുഖേന ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെടുന്ന നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി.അനുപമ.കെ.ആർ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ജോയിന്റ് രജിസ്ട്രാർ (ജനറൽ), വയനാട് | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കോട്ടയം |
| 2 | ശ്രീമതി. ബീന. വി.ആർ., സീനിയർ ടൈപ്പിസ്റ്റ് | ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), തിരുവനന്തപുരം |

ശ്രീമതി. അനുപമ. കെ.ആർ. ന്റെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് 29.07.2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കും. 01.09.2013 മുതൽ ടിയാൾക്ക് സെലക്ഷൻ ഗ്രേഡിൽ പ്രൊമോഷൻ ലഭിച്ചിട്ടുള്ളതിനാൽ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ ഫിക്സേഷൻ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ യഥാസമയം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്),
സി.എം. അജേയ്യമോഹൻ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്: –

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3) ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ടെ മേശപ്പുറത്ത്
4) ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം, വയനാട്
5) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), തിരുവനന്തപുരം, കോട്ടയം
6) അക്കൗണ്ട്സ് സെക്ഷൻ
7) ഇ.എ.(5) സെക്ഷൻ
8) ഇ.ബി(5) സെക്ഷൻ (ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജൂനിയർ ഇൻസ്പെക്ടർ/ ആഡിറ്റർ സീനിയോരിറ്റി ലിസ്റ്റിൽ ക്രമീകരണം വരുത്തേണ്ടതാണ്)
9) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)